നമ്പർ: 142/2020

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പ. സഭയുടെ ഉടമസ്ഥതയിലും നമ്മുടെ നേരിട്ടുള്ള നിയന്ത്രണത്തിലും പ്രവർത്തിച്ചുവരുന്ന പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2020 – 21 അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്ന വിവരം നിങ്ങളെ അറിയിക്കുന്നു. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, കംപ്യൂട്ടർ സയൻസ് എന്നീ ശാഖകളിൽ ബി. ടെക് കോഴ്സുകൾ നടത്തുന്നു. വിദ്യാർത്ഥികൾക്ക് ആരാധനയ്ക്കായി കാമ്പസിനുള്ളിൽതന്നെ ചാപ്പൽ സ്ഥിതി ചെയ്യുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മികവുറ്റ സൗകര്യങ്ങളോടുകൂടെ വെവ്വേറെ ഹോസ്റ്റലുകൾ ക്രമീകരിച്ചിട്ടുണ്ട്. അഡ്മിഷൻ നേടുന്ന ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് ഫീസിനത്തിൽ പ്രത്യേക ഇളവുകൾ നൽകുന്നതാണ്. എം. ബി. സി. കോളേജിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി വർഷംതോറും നടത്തിവരുന്ന സ്കോളർഷിപ്പ് പരീക്ഷകൾ ഈ വർഷം ജൂലൈ മാസം 22-ാം തീയതി ഓൺലൈനായി നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് എഞ്ചിനീയറിംഗ് കോളേജിന്റെ ദേവലോകം അരമനയിലുള്ള ഓഫീസുമായോ (0481 2574522, aramana@mbcpeermade.com) പീരുമേട്ടിൽ സ്ഥിതി ചെയ്യുന്ന കോളേജ് ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ് (www.mbcpeermade.com, E.mail: mbc@mbcpeermade.com, 04869233571, 7559933571, 7025062628). എഞ്ചിനീയറിംഗ് പഠിക്കുവാൻ ആഗ്രഹിക്കുന്ന സഭാംഗങ്ങളായ കുട്ടികളെ നമ്മുടെ പീരുമേട് എഞ്ചിനീയറിംഗ് കോളേജിൽ തന്നെ ചേർക്കുന്നതിന് നമ്മുടെ വൈദികരും രക്ഷിതാക്കളും മുൻകൈ എടുക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 ജൂലൈ മാസം 13-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.